JESUS REDEEMS MINISTRIES

# യുവജനലോകം

ഫെബ്രുവരി 2026




കെണി ഒരുക്കുന്ന
സാത്താനോടോ?

കാൽവരിയിൽ രക്തം
ചിന്തിയ യേശുവിനോടോ?

# ആരോടാണ് ഏറ്റവും പ്രിയം?

# ആമുഖം

പ്രിയപ്പെട്ട യൗവനക്കാരെ, യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ!

ഈ പുതുവർഷത്തിൽ ധാരാളം പുതിയ തീരുമാനങ്ങളുമായി നിങ്ങൾ മുന്നേറുന്നത് കാണുന്നതിൽ ഞാൻ കർത്താവിനെ സ്തുതിക്കുന്നു.

ഈ യൗവനകാലത്ത് നിങ്ങൾ ആരെ പ്രീതിപ്പെടുത്തുന്നു എന്നത് വളരെ പ്രധാനമാണ്. നിങ്ങൾ നിങ്ങളെ സൃഷ്ടിച്ച കർത്താവിനെയാണോ പ്രീതിപ്പെടുത്തുന്നത്? അതോ സ്വന്തം ആഗ്രഹങ്ങളെ പിന്തുടർന്ന് നിങ്ങളെ തന്നെ പ്രീതിപ്പെടുത്തുകയാണോ?



ദൈവത്തെ പ്രസാദിപ്പിക്കണമെങ്കിൽ നിങ്ങളുടെ മനസ്സ് രൂപാന്തരപ്പെടണം. നിങ്ങളുടെ മനസ്സ് പുതുക്കപ്പെടുമ്പോൾ മാത്രമേ ദൈവത്തെ പ്രസാദിപ്പിക്കുന്ന രീതിയിൽ ജീവിക്കുവാൻ കഴിയൂ.

മറ്റുള്ളവർ സാധാരണ ജീവിതം നയിച്ചുകൊണ്ട്, അവരുടെ ഹൃദയത്തിലെ ആഗ്രഹങ്ങളും ചിന്തകളും നിറവേറ്റിക്കൊണ്ടിരുന്നപ്പോൾ, മൂന്ന് യൗവനക്കാർ (ശദ്രക്, മേശക് അബേദ്നഗോ) ധൈര്യത്തോടെ കർത്താവിനുവേണ്ടി ഒറ്റയ്ക്ക് നിന്ന ആ ദിവസം ബാബിലോൺ സ്തംഭിച്ചു. അവരുടെ രൂപാന്തരപ്പെട്ട മനസ്സും ദൃഢനിശ്ചയവുമായിരുന്നു ഇതിന് കാരണം.

ഇന്ന് നിങ്ങളുടെ മനസ്സ് രൂപാന്തരപ്പെട്ടാൽ, നിങ്ങളുടെ ദൃഢനിശ്ചയം വ്യക്തമാകും! നിങ്ങൾ സ്വീകരിക്കുന്ന പാത സുഗമമായിരിക്കും.

പാപത്തിലേക്കും ലോകത്തിന്റെ മോഹങ്ങളിലേക്കും പായുന്ന ഒരു കൂട്ടം യൗവനക്കാരുടെ മദ്ധ്യത്തിൽ വേറിട്ട് നിൽക്കാനും, തലയുയർത്തി നടക്കാനും നിങ്ങൾ തീരുമാനിക്കണം.

സമൂഹ മാധ്യമങ്ങളിലൂടെ വരുന്ന തെറ്റായ ധാരണകളിൽ കുടുങ്ങിപ്പോകാതിരിക്കാൻ, നിങ്ങളുടെ മനസ്സ് രൂപാന്തരപ്പെടണം. രൂപാന്തരപ്പെട്ട ചിന്ത ആവശ്യമാണ്. അത് നിങ്ങളെ ഉയർച്ചയിലേക്ക് നയിക്കും.

*നിങ്ങളുടെ ദിശ ശരിയായി തിരഞ്ഞെടുത്താൽ, നിങ്ങളുടെ ഭാവി ശോഭനമായിരിക്കും.*

*കർത്താവ് അന്വേഷിക്കുന്ന രൂപാന്തരപ്പെട്ട യുവാവ് നീയാണ് എന്ന് മറന്നുപോകരുത്!*

**കർത്താവിനുവേണ്ടി എഴുന്നേറ്റ് പ്രകാശിക്കുവാൻ മറക്കരുത്!**



ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# സ്വപ്നങ്ങളാൽ എഴുതപ്പെട്ട ചരിത്രം!!!




**എല്ലാ യുവ നേട്ടക്കാർക്കും എന്റെ സ്നേഹാശംസകൾ! വർത്തമാനകാലത്ത് നമ്മുടെ സ്വപ്നങ്ങൾക്കും ലക്ഷ്യങ്ങൾക്കുമായി ചെലവഴിക്കുന്ന സമയമാണ് ഭാവിയിൽ മറ്റുള്ളവരുടെ മുന്നിൽ നമ്മെ പ്രകാശിപ്പിക്കുന്നത്. തന്റെ വിജയത്തിനായി ഓരോ മിനിറ്റും ചെലവഴിച്ച് നേട്ടക്കാരിയായ ജെമീമ റോഡ്രിഗസ് ഇപ്പോൾ ആഗോള സെലിബ്രിറ്റിയാണ്.**

ഇന്ത്യയിലെ മുംബൈയിൽ ഒരു സാധാരണ കുടുംബത്തിലാണ് ജെമീമ ജനിച്ചത്. കുട്ടിക്കാലം മുതൽ ക്രിക്കറ്റിലും ഹോക്കിയിലും അവൾക്ക് വളരെ താല്പര്യമുണ്ടായിരുന്നു. സ്കൂൾ കാലഘട്ടത്തിൽ ജെമീമ ക്രിക്കറ്റിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. വലിയ സൗകര്യങ്ങളോ, പ്രത്യേക മൈതാനമോ ഇല്ലാതിരുന്നതുകൊണ്ട് തന്റെ വീടിന് മുകളിൽ പിതാവിനോടൊപ്പം ക്രിക്കറ്റ് പരിശീലനം ആരംഭിച്ചു. ക്രിക്കറ്റിൽ നേട്ടങ്ങൾ കൈവരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും പരിശീലിച്ചു. കായികരംഗത്ത് മാത്രമല്ല, പഠനത്തിലും അവൾ ശ്രദ്ധ കേന്ദ്രീകരിച്ചു. പല ക്രിക്കറ്റ് പരീക്ഷകളിലും ജെമീമയുടെ പേര് വന്നില്ല. പരാജയങ്ങളുടെ മേൽ പരാജയം നേരിട്ടു. തുടർച്ചയായി താൻ പരാജയപ്പെടുന്നതിൽ വിഷമിക്കാതെ, അവൾ കൂടുതൽ പരിശീലിച്ചു. 17-ാം വയസ്സിൽ, ക്രിക്കറ്റിൽ ഇരട്ട സെഞ്ച്വറി നേടിയപ്പോൾ ഇന്ത്യ മുഴുവനും അവളെ ഉറ്റുനോക്കി. ഇത് ജെമീമയുടെ തുടക്കമായിരുന്നു. ഇതിനുശേഷം, ജെമീമയുടെ പരാജയങ്ങൾ സോഷ്യൽ മീഡിയ വിമർശിക്കുകയും, 12 മാസങ്ങൾക്ക് മുമ്പ് ജെമീമ ക്രിസ്തുമതം പ്രചരിപ്പിക്കുന്നുവെന്ന ആരോപണവും ഉയർന്നിരുന്നു. എന്നാൽ ജെമീമ ഇതൊന്നും കണ്ട് നിരുത്സാഹപ്പെടാതെ, ദൃഢനിശ്ചയത്തോടിരുന്നു.

2025ലെ ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ശക്തരായ ഓസ്ട്രേലിയ ടീമിനെ മറികടന്ന്, ജെമീമ 127 റൺസ് എടുത്ത് അവസാനം വരെ ഒരു മത്സരം പോലും തോൽക്കാതെ ഇന്ത്യൻ ടീമിനെ വിജയത്തിലേക്ക് നയിച്ചു. തന്റെ വിജയത്തിന് കാരണം യേശുവാണ് എന്ന്അവൾ നന്ദി പറഞ്ഞു, ഏത് സ്ഥലത്ത് അപമാനിക്കപ്പെട്ടുവോ അതേ സ്ഥാനത്ത് അനേകർ അത്ഭുതപ്പെടുന്ന രീതിയിൽ മാനിക്കപ്പെട്ടു. 25 വയസ്സുള്ള ജെമീമ ഇതുവരെ 58 ഏകദിന മത്സരങ്ങളിൽ കളിച്ച്, 1725 റൺസ് നേടിയിട്ടുണ്ട്.

ഇത് വായിക്കുന്ന സ്നേഹിതരെ, ജെമീമയുമായി അഭിമുഖം നടത്തിയപ്പോൾ ഇന്ത്യ ജയിക്കണം എന്നതായിരുന്നു എന്റെ ലക്ഷ്യം എന്നും, വേദപുസ്തകത്തിലെ 2 ദിനവൃത്താന്തം 20:17 വചനവും അവൾ പറയുകയുണ്ടായി. ജെമീമ തന്റെ ലക്ഷ്യത്തിന് പൂർണ്ണ ശ്രദ്ധ നൽകിയിരുന്നെങ്കിലും, തന്നെ സൃഷ്ടിച്ച ദൈവത്തിനാണ് അവൾ ഒന്നാം സ്ഥാനം നൽകിയത്.

**ഇന്ന് അവൾ കോടിക്കണക്കിന് യൗവനക്കാർക്ക് പ്രചോദനമായിരിക്കുന്നു. ജെമീമയെപ്പോലെ നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന ഓരോ മിനിറ്റും ഉപയോഗപ്പെടുത്തി ഉയർന്ന ഭാവി കരസ്ഥമാക്കുവിൻ.**





# എന്നെ അന്വേഷിച്ചു വന്ന യേശു!!






**മെഡിസിന് പഠിച്ചുകൊണ്ടിരുന്ന DR. അജിനെ കാണാൻ ഞങ്ങൾ അദ്ദേഹം ജോലി ചെയ്യുന്ന ആശുപത്രിയിലേക്ക് പോയി. വളരെ busy ആയിരുന്ന അദ്ദേഹത്തോട്, തന്റെ പഠനരഹസ്യങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ വളരെ രസകരമായിരുന്നു. അത് നിങ്ങൾക്കായി പങ്കുവയ്ക്കുന്നു.**

## നിങ്ങളുടെ കുടുംബത്തെയും ബാല്യകാലത്തെയും കുറിച്ച് പറയാമോ?

തിരുനെൽവേലി ജില്ലയിലെ വള്ളിയൂരാണ് എന്റെ സ്വദേശം. ഞാൻ പഠിച്ചതും വളർന്നതുമെല്ലാം തേനി ജില്ലയിലാണ്. ഒരു ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. മൂന്ന് വർഷം മുമ്പ് ഒരു അപകടത്തിൽ എന്റെ അച്ഛൻ മരണപ്പെട്ടു. അമ്മ കോളേജ് പ്രൊഫസറായിരുന്നു. ഇപ്പോൾ വിരമിച്ച് ഭവനത്തിലായിരിക്കുന്നു. സഹോദരി ദന്ത ഡോക്ടറാണ്. ഞാൻ ഒരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചതെങ്കിലും പേരിൽ മാത്രം ക്രൈസ്തവനായാണ് വളർന്നത്. അച്ഛൻ മദ്യപാനി ആയിരുന്നു. പക്ഷേ അമ്മ വലിയ ഭക്തയാണ്. ഞാൻ കുട്ടിയായിരുന്നപ്പോൾ വീട്ടിൽ വഴക്കുകൾ പതിവായിരുന്നു. അങ്ങനെ ഒരു ദിവസം അച്ഛൻ ഞങ്ങളെ ഉപേക്ഷിച്ചു പോയി. അതിനുശേഷം ഒറ്റയ്ക്കാണ് അമ്മ ഞങ്ങളെ വളർത്തിയത്. അമ്മ ദൈവത്തെ അറിഞ്ഞിരുന്നതുകൊണ്ട്, പ്രാർത്ഥനയിലും വിശ്വാസത്തിലും ഞങ്ങളെ വളർത്തി. ബന്ധുക്കളിൽ നിന്ന് പിന്തുണയോ സഹായമോ ഇല്ലാതിരുന്നിട്ടും ഞങ്ങളെ പഠിപ്പിച്ച് ഉയർന്ന നിലയിലെത്തിച്ചു.


## നിങ്ങളുടെ ബാല്യകാലം ബുദ്ധിമുട്ടുള്ളതായിരുന്നുവെന്ന് തോന്നുന്നു... ശരി നിങ്ങൾ പഠനത്തിൽ എങ്ങനെ ആയിരുന്നു?

ഞാൻ ഒരു ശരാശരി വിദ്യാർത്ഥിയായിരുന്നു. ഡോക്ടറാകാൻ ആഗ്രഹിച്ചെങ്കിലും, ആവശ്യമായ മാർക്ക് ലഭിക്കാത്തതുകൊണ്ട് വൈദ്യശാസ്ത്രത്തെക്കുറിച്ച് ഞാൻ മറക്കാൻ തുടങ്ങി. പക്ഷേ, എന്റെ സ്നേഹിതനിലൂടെ വിദേശത്ത് വൈദ്യശാസ്ത്രം പഠിക്കാൻ കർത്താവ് എനിക്ക്

അവസരം നൽകി. അതിനെ പ്രയോജനപ്പെടുത്തി വൈദ്യശാസ്ത്രം പഠിക്കാൻ ചൈനയിലേക്ക് പോയി. പുതിയ സ്ഥലം, പുതിയ ഭാഷ, പുതിയ മനുഷ്യർ അതൊക്കെ എന്നെ ഏകാന്തതയിലേക്ക് നയിച്ചു. പക്ഷേ ഞാൻ പഠനം തുടരുകയും പൂർത്തിയാക്കുകയും ചെയ്തു.

**മറ്റൊരു രാജ്യം ... എല്ലാം നിങ്ങൾക്ക് പുതിയതായിരുന്നു. എങ്ങനെ നിങ്ങൾ പഠനം തുടർന്നു?**

കോളേജിൽ മൂന്നാം വർഷം പഠിക്കുമ്പോൾ കമ്പ്യൂട്ടറിൽ വീഡിയോ ഗെയിമുകൾ കളിക്കാൻ തുടങ്ങുകയും അതിന് അടിമയാകുകയും ചെയ്തു. എങ്കിലും എല്ലാ പരീക്ഷകളിലും ഉയർന്ന സ്കോർ നേടി വിജയിച്ചിരുന്നു. കമ്പ്യൂട്ടറിൽ ഗെയിമുകൾ കളിക്കുന്നത് അനുദിനം വർദ്ധിച്ചു എന്റെ സമയം പാഴാക്കുകയായിരുന്നു. ഒരു ഘട്ടത്തിൽ എല്ലാ ദിവസവും കളിക്കണം എന്ന് നിർബന്ധിതനായി. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ അംഗീകാരം ലഭിക്കാൻ FMGE പരീക്ഷ എഴുതി വിജയിക്കണം. വീഡിയോ ഗെയിമുകൾ കളിച്ചിരുന്നെങ്കിലും, ആദ്യ ശ്രമത്തിൽ തന്നെ ഞാൻ പരീക്ഷ പാസായി. ഒരു വശത്ത് പഠനത്തിൽ നല്ല അനുഗ്രഹമുണ്ടായിരുന്നു, മറുവശത്ത് കമ്പ്യൂട്ടർ ഗെയിമുകൾ കളിച്ച് ഞാൻ എന്റെ സമയം പാഴാക്കുകയായിരുന്നു. പക്ഷേ പഠനം നന്നായി പൂർത്തിയാക്കി.






**ശരി .... ചൈനയിൽ പഠനം പൂർത്തിയാക്കി... ഇന്ത്യയിൽ വന്നതിനുശേഷവും കമ്പ്യൂട്ടറിൽ നിങ്ങളുടെ സമയം ചെലവഴിച്ചോ?**

കോളേജ് പഠനം പൂർത്തിയാക്കി ഞാൻ ഇന്ത്യയിലേക്ക് മടങ്ങിയപ്പോൾ കൊറോണ വൈറസ് പടർന്നു. ലോക്ക്ഡൗൺ കാരണം വീട്ടിലായിരുന്ന ദിവസങ്ങളിൽ വരുവിൻ പ്രാർത്ഥിക്കാം പരിപാടിയിൽ പ്രാർത്ഥിക്കുന്നത് കണ്ട് ഞാനും പ്രാർത്ഥിക്കാൻ തുടങ്ങി. കർത്താവ് പ്രവചനാത്മകമായി കൊറോണ വൈറസിനെക്കുറിച്ച് മുന്നറിയിപ്പ് നൽകി പ്രാർത്ഥനയിലേക്ക് നയിച്ചു എന്ന് കേട്ടപ്പോൾ, ദൈവം നമ്മോട് സംസാരിക്കുമോ എന്ന ചിന്ത എന്റെ മനസ്സിൽ ഉയർന്നു. ഉടനെ ആ ദൈവത്തെക്കുറിച്ച് അറിയുവാനായി യേശുവിനെ അന്വേഷിക്കാൻ തുടങ്ങി. അപ്പോൾ ഒരു ദിവസം രാത്രി പ്രാർത്ഥനയിൽ ഞാൻ കർത്താവിന്റെ സ്നേഹം അറിയുകയും രക്ഷ പ്രാപിക്കുകയും ചെയ്തു. അതിനുശേഷം വീഡിയോ ഗെയിം കളിക്കുന്നത് അവസാനിപ്പിക്കുവാൻ കർത്താവ് എന്നെ സഹായിച്ചു.

**സൂപ്പർ... യേശുവിനെ സ്വീകരിച്ചു.... അതിനുശേഷം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായ മാറ്റം എന്താണ്?**

ഞാൻ പ്രാർത്ഥനയിൽ സമയം ചെലവഴിക്കാൻ തുടങ്ങി. പരിശുദ്ധാത്മാവിന്റെ അഭിഷേകം







പ്രാപിച്ചു. അതിനുശേഷം, എന്റെ പ്രാർത്ഥനാ ജീവിതം മാറി. ദേശത്തിനുവേണ്ടി പ്രാർത്ഥിച്ചും, സുവിശേഷ ലഘുലേഖകൾ നൽകിയും, പ്രാർത്ഥനാ യോഗങ്ങൾ നടത്തിയും കർത്താവിനെ ശുശ്രൂഷിക്കാൻ ആരംഭിച്ചു. അതിനുശേഷം **MS General Surgery** പഠിക്കാൻ കർത്താവ് എനിക്ക് വാതിൽ തുറന്നു തന്നു. ഇപ്പോൾ ഞാൻ സർക്കാർ മെഡിക്കൽ കോളേജിൽ സർജറി വിദ്യാർത്ഥിയായി പഠിക്കുകയാണ്. കർത്താവിന്റെ കൃപയാൽ, ഏപ്രിലിൽ ഞാൻ വിവാഹിതനായി. വൈദ്യശാസ്ത്ര മേഖലയിൽ ദൈവസ്നേഹം വെളിപ്പെടുത്തുവാൻ കർത്താവ് കൃപ നൽകിവരുന്നു.

## യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

നിങ്ങളുടെ സാഹചര്യം എന്തുതന്നെയായാലും നിങ്ങളെ സ്നേഹിക്കാനും പിന്തുണയ്ക്കാനും ഒരു നല്ല ദൈവമുണ്ട്. അതാണ് യേശു.

നിങ്ങൾ ഏത് പാപ അടിമത്തത്തിലായാലും, യേശുവിനെ വിളിക്കുമ്പോൾ, നിങ്ങളെ വിടുവിക്കാൻ യേശു ശക്തനായിരിക്കുന്നു. നിങ്ങൾ സമർപ്പണത്തോടെ പ്രാർത്ഥിക്കുമ്പോൾ വിടുതൽ നിശ്ചയമാണ്.

**പ്രിയപ്പെട്ട യൗവനക്കാരെ, ഡോക്ടറാകാണമെന്ന് ആഗ്രഹിച്ചിരുന്ന സഹോദരൻ അജിന് ചൈനയിൽ പോയി MBBS പഠിക്കുവാനും, ഇന്ന് MS General Surgery പഠിക്കുവാനും ദൈവീക ജ്ഞാനം നൽകി ഉയർത്താൻ കർത്താവിന് കഴിയുമെങ്കിൽ, ഇത് വായിക്കുന്ന നിങ്ങളും അത്തരമൊരു അടിമത്തത്തിലാണെങ്കിൽ യേശുവിൽ നിങ്ങളെ സമർപ്പിച്ച് പ്രാർത്ഥിച്ച് കർത്താവിന്റെ ശുശ്രൂഷ ചെയ്യുവിൻ. തീർച്ചയായും കർത്താവ് നിങ്ങളെയും ഉയർത്തും!**



# Exam tips

ചില വിദ്യാർത്ഥികൾക്ക് പരീക്ഷ എന്നാൽ തന്നെ ഭയമാണ്. ഭയം നിമിത്തം പഠിച്ചത് എഴുതാതെ കുറഞ്ഞ മാർക്ക് വാങ്ങുന്നു. എന്തുകൊണ്ടാണ് പരീക്ഷാ ഭയം ഉണ്ടാകുന്നത്? എങ്ങനെ ഭയത്തെ പരിഹരിക്കാം? ഇതിനെക്കുറിച്ച് ചില tips നിങ്ങളോട് പറയാം...

## ✓ പരീക്ഷാ ഭയത്തിനുള്ള കാരണങ്ങൾ:

- ഏറ്റവും കുറഞ്ഞ മാർക്ക് വാങ്ങുമോ എന്ന ഭയം
- രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും വിശ്വാസം നഷ്ടപ്പെടുത്തുമോ എന്ന ഭയം
- വിജയം നേടും എന്ന വിശ്വാസമില്ല.
- പ്രയാസമുള്ള ചില പാഠങ്ങളെക്കുറിച്ച് അറിവില്ല.
- പഠിക്കുമ്പോൾ ശ്രദ്ധിക്കുവാനോ മനഃപാഠമാക്കുവാനോ കഴിയാത്ത അവസ്ഥ
- വിപരീത മനോഭാവം
- മറ്റ് വിദ്യാർത്ഥികളുമായി താരതമ്യം ചെയ്ത് നോക്കുന്നത്.

## ✓ പരീക്ഷാ ഭയം എങ്ങനെ പരിഹരിക്കാം?

- Timetable തയ്യാറാക്കുക
- പരീക്ഷയ്ക്ക് തയാറാകുമ്പോൾ, കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠങ്ങളും, നിങ്ങൾക്ക് ഇഷ്ടപ്പെട്ട പാഠങ്ങളും വേർതിരിച്ച് പഠിക്കുവിൻ.
- ചെറിയ കുറിപ്പുകൾ തയാറാക്കി പഠിക്കുവിൻ.
- ഒരു പാഠം പഠിക്കുമ്പോൾ പ്രധാന വിവരങ്ങൾ, ചരിത്രം, തിയതികൾ, വ്യക്തികൾ, സംഭവങ്ങൾ അല്ലെങ്കിൽ സംഭവങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വായിക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ പതിയും. ഭയത്തെ കുറയ്ക്കും.

## ✓ ശ്രദ്ധ കേന്ദ്രീകരിച്ച് പഠിക്കണമെങ്കിൽ....

**ശരിയായ ഉറക്കം**

ശരീരവും മനസ്സും ഉന്മേഷമുള്ളതാകുവാൻ കുറഞ്ഞത് 8 -9 മണിക്കൂർ ഉറങ്ങണം.

**ഇടവേള നൽകി പഠിക്കണം**

മണിക്കൂറുകൾ തുടർച്ചയായി പഠിക്കുമ്പോൾ മനസ്സ് ക്ഷീണിക്കുകയും ശരീരത്തിന്റെ ആരോഗ്യത്തെ ബാധിക്കുകയും ചെയ്യും.

**ആരോഗ്യകരമായ ഭക്ഷണം**

മുട്ട, പാൽ, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ പ്രോട്ടീനും കാർബോഹൈഡ്രേറ്റുകളും നിറഞ്ഞ ഭക്ഷണങ്ങൾ കഴിക്കണം.

PASSED

**"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലിപ്പിയർ 4:13)**

ക്രിസ്തു എനിക്ക് നൽകുന്ന ശക്തി മുഖാന്തരം എല്ലാത്തിലും എനിക്ക് ജയം നേടുവാൻ കഴിയും എന്ന വിശ്വാസത്തോടെ പരീക്ഷയെ നേരിടുവിൻ! വിജയം നിശ്ചയം!




# ആരോടാണ് സ്നേഹം?

ഇന്ന് നാം ലോകവുമായി ഐക്യപ്പെട്ട് ലൗകീകരെപ്പോലെ ജീവിക്കുന്നതുകൊണ്ട്, നാമും പരാജയങ്ങൾ നേരിട്ട് നിരാശപ്പെട്ടുപോകുന്നു. പല സഭകളും ഇന്ന് ജഡീകരായി, ലോകത്തോട് ബന്ധപ്പെട്ട് ലൗകിക കാര്യങ്ങളിൽ താൽപര്യമുള്ള സഭകളായി മാറിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ ജീവിച്ചപ്പോൾ വിജയകരമായ ജീവിതം നയിച്ചു. കാരണം, യേശു ഈ ലോകത്തിനോടിണങ്ങി ജീവിക്കാതെ, ദിനംതോറും പിതാവുമായുള്ള ഐക്യത്തിൽ ജീവിച്ചതുകൊണ്ട്, ഈ ലോകത്തിൽ ജയം പ്രാപിച്ചവനായി ജീവിച്ചു. ഈ ലോകത്തിൽ മഹത്തരമായി കണക്കാക്കപ്പെടുന്ന കാര്യങ്ങൾക്ക് കർത്താവിന്റെ ദൃഷ്ടിയിൽ ഒരു മൂല്യവുമില്ല, അതുമാത്രമല്ല അതിനെ വെറുപ്പാക്കിമാറ്റുന്നു. "അവൻ (യേശുക്രിസ്തു) ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല" (യോഹന്നാൻ 1:10) എന്ന് പറഞ്ഞിരിക്കുന്നതുപോലെ, നിങ്ങൾ ഇനിയും യേശുവിനെ പൂർണ്ണമായി അറിയുന്നില്ലെങ്കിൽ, യേശുവിനെ അറിയുവാൻ നിങ്ങളുടെ മനസ്സ് പുതുക്കണം. അതായത് നിങ്ങളുടെ മനസ്സ് രൂപാന്തരപ്പെടണം.

രൂപാന്തരം എന്ന വാക്ക് ഒരു പുഴു, ചിത്രശലഭമായി മാറുന്ന അനുഭവത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു പുഴുവും ചിത്രശലഭവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ചിന്തിക്കുവിൻ. രണ്ടും താരതമ്യപ്പെടുത്താനാവാത്തതാണ്. നിലത്ത് ഇഴയുന്ന ഒരു പുഴു വൃത്തിഹീനമാണ്. എന്നാൽ അതേ പുഴു ഒരു ചിത്രശലഭമായി രൂപാന്തരപ്പെടുമ്പോൾ, കാണാൻ മനോഹരമാണ്, ആകാശത്ത് ഉയരത്തിൽ പറന്ന് അതിന്റെ ജീവിത നിലവാരം തന്നെ മാറുന്നു. അതുപോലെ, നിങ്ങളുടെ മനസ്സ് ലോകത്തെയും ലോകത്തിലെ കാര്യങ്ങളെയും അന്വേഷിക്കാതെ യേശുക്രിസ്തുവിനെ അന്വേഷിക്കുമ്പോൾ, നിങ്ങളുടെ ജീവിത നിലവാരവും മാറും. മനസ്സിന് രൂപാന്തരം ഒരു ദിവസം കൊണ്ട് സംഭവിക്കുന്നതല്ല. എല്ലാ ദിവസവും നിങ്ങൾ ദൈവവചനം മനസ്സിൽ സൂക്ഷിക്കുമ്പോൾ മനസ്സ് രൂപാന്തരപ്പെടും.

ഇളയ മകൻ പിതാവിൽ നിന്ന് തന്റെ ഓഹരി സ്വീകരിച്ച് അത് തെറ്റായ രീതിയിൽ തനിക്ക് തോന്നുന്നതുപോലെ ജീവിച്ച് പണം ദുർത്തടിച്ചു. പന്നികളെ മേയിക്കാൻ പോയി. ലോകത്തെ സ്നേഹിച്ച് പിതാവിനെ ഉപേക്ഷിച്ച അവന് വിഷമവും നിരാശയും





കുറ്റബോധവും മാത്രമായിരുന്നു അവശേഷിച്ചത്. പിശാച് ഈ ലോകത്തെ വളരെ മനോഹരമാക്കും! പക്ഷേ അതിന്റെ അവസാനം കാണിക്കില്ല. ഈ ലോകവും ജനങ്ങളും നിങ്ങളെ സ്നേഹിച്ചാലും സന്തോഷിപ്പിച്ചാലും ഒരു ദിവസം ഈ ലോകം നിങ്ങളെ ഉപേക്ഷിക്കും. എന്നാൽ യേശുവിന്റെ സ്നേഹം ഒരിക്കലും നമ്മെ ഉപേക്ഷിക്കില്ല എന്ന് ഓർത്തുകൊൾവിൻ. തന്റെ ഹൃദയത്തിനനുസരിച്ച് ജീവിച്ച ഇളയ മകൻ എല്ലാം നഷ്ടപ്പെട്ടതിനുശേഷം ഒരു ദിവസം മാനസാന്തരപ്പെട്ട്, തെളിഞ്ഞ ബുദ്ധിയോടെ തന്റെ പിതാവിന്റെ അടുക്കലേക്ക് പോയി. പിതാവോ സ്നേഹത്തോടെ സ്വീകരിച്ചു, എല്ലാം നഷ്ടപ്പെട്ട് മടങ്ങിവന്ന അവന് പുതിയ വസ്ത്രങ്ങളും, മോതിരവും, ചെരിപ്പും നൽകി അവന്റെ ജീവിതനിലവാരം ഉയർത്തി. അതുപോലെ, നിങ്ങളുടെ ജീവിതത്തെ മാറ്റാൻ യേശു കാത്തിരിക്കുകയാണ്.



പാപത്തിന്റെ അടിത്തട്ടിൽ ജീവിച്ചത് മതി, ലൗകിക സുഖങ്ങളിൽ സമയം ചെലവഴിച്ചത് മതി! എന്ന് ലോകത്തെ വെറുത്ത്, യേശുവിനോടൊപ്പം ജീവിക്കുവാൻ തീരുമാനം എടുക്കുവിൻ. നിങ്ങൾ തീരുമാനം എടുക്കുന്നതുവരെ കർത്താവിന് നിങ്ങളെ സഹായിക്കാൻ കഴിയില്ല. ഇതുവരെ ജീവിച്ചുകൊണ്ടിരുന്ന രീതിയിൽ നിന്ന് മെച്ചപ്പെട്ട ദിശയിലേക്ക് നിങ്ങളുടെ ജീവിതം മാറ്റാൻ ആഗ്രഹിക്കുന്നുവോ? എങ്കിൽ, "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).

നമ്മൾ എന്ത് ചെയ്യണമെന്നും എന്ത് ചെയ്യരുതെന്നും വേദപുസ്തകം വ്യക്തമായി പറയുന്നു. "ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതിരിക്കുവിൻ" (സങ്കീർത്തനം 1:1). സ്വന്തം ജീവനെക്കാൾ യേശുവിനെ സ്നേഹിക്കുന്നു എന്ന് പറഞ്ഞ യേശുവിന്റെ ശിഷ്യനായ പത്രൊസ്, ഭയം നിമിത്തം യേശുവിനെ തള്ളിപ്പറഞ്ഞ് വീണ്ടും മീൻ പിടിക്കുന്ന പഴയ ജീവിതത്തിലേക്ക് തിരിച്ചുപോയി. അവന്റെ വലയിൽ ഒരു മീൻ പോലും കയറിയില്ല. രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. വലിയ നിരാശയും വേദനയും മാത്രമാണ് അവന് ലഭിച്ചത്. പുലർച്ചെ കരയിലേക്ക് മടങ്ങിയെത്തിയപ്പോൾ, യേശു കരയിൽ നിന്നവരെ നോക്കി, "പടകിന്റെ വലതുഭാഗത്തു വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും എന്ന് അവരോടു പറഞ്ഞു; അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അത് വലിപ്പാൻ കഴിഞ്ഞില്ല" (യോഹന്നാൻ 21:6). കർത്താവിനോടുകൂടെ ഉണ്ടായിരുന്നവർ കർത്താവിനെ മറന്ന്, ലോകത്തിലേക്ക് പോയപ്പോൾ പരാജയമാണ് നേരിട്ടത്. എന്നാൽ തങ്ങളെ അന്വേഷിച്ചുവന്ന യേശുവിനെ സ്വീകരിച്ചപ്പോൾ വിജയകരമായ ജീവിതം നയിക്കാൻ തുടങ്ങി. രൂപാന്തരപ്പെടാത്ത മനസ്സ് ദൈവപ്രവൃത്തികൾക്ക് തടസ്സമാണ്. ഇപ്പോൾ തന്നെ നിങ്ങളുടെ മനസ്സും ചിന്തകളും യേശുവിലേക്ക് തിരിക്കുവിൻ.

**പ്രിയപ്പെട്ട യൗവനക്കാരെ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു (1 യോഹ.2:17). ഈ ലോകം തീയ്ക്ക് ഏൽപ്പിക്കപ്പെടാൻ പോകുന്നു. നശിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തെക്കാൾ, നിത്യജീവൻ നൽകുന്ന യേശുവിനെ സ്നേഹിക്കുവാനും അന്വേഷിക്കുവാനും ഇന്ന് തന്നെ തീരുമാനിക്കുവിൻ! ഇന്ദ്രിയസുഖങ്ങൾ വേഗത്തിൽ കടന്നുപോകുമെന്ന് മറക്കരുത്!**

Heart Beat

# സൗഹൃദം ആവശ്യമാണോ?



എന്റെ വീട്ടിൽ ഏകമകളാണ് ഞാൻ. എനിക്ക് രണ്ട് സ്നേഹിതരുണ്ട്. ഞാൻ ചെന്നൈയിൽ ഒരു നല്ല കമ്പനിയിൽ ജോലി ചെയ്തുവന്നിരുന്നു. ഞാൻ ജോലി ചെയ്ത് മാതാപിതാക്കൾക്ക് യാതൊരു പണവും അയയ്ക്കാറില്ല. എന്റെ **hostel fees, mess fees** എന്നിവ ഞാൻ തന്നെ **payment** ചെയ്ത് **balance amount** എന്റെ സ്വകാര്യ ആവശ്യങ്ങൾക്കായി സൂക്ഷിക്കും. കൂടാതെ എന്റെ കൈവശമുള്ള പണം എന്റെ സ്നേഹിതരുടെ ആവശ്യത്തിനായി ചെലവാക്കും. എപ്പോൾ **hotel**ലും, **Shopping**നും പോയാലും ഞാൻ തന്നെയാണ് **pay** ചെയ്യുന്നത്. അവർ ചോദിക്കുമ്പോഴൊക്കെ **Gpay** ചെയ്യും. എന്റെ അക്കൗണ്ടിൽ **Nill Balance** ആകുന്നതുവരെ എന്നോട് ചോദിച്ചുകൊണ്ടിരിക്കും. ഞാനും അയച്ചുകൊണ്ടിരിക്കും. എന്നാൽ എന്റെ കൈവശം പണം ഇല്ല എന്നറിയുമ്പോൾ എന്റെ ഫോൺ **call** പോലും എടുക്കുകയില്ല. അതാണ് വേദനയായിരിക്കുന്നത്. കൂടാതെ ഇങ്ങനെ ഞാൻ ഉത്തരവാദിത്തമില്ലാതെ പണം ചെലവാക്കിയതുകൊണ്ട് എന്റെ മാതാപിതാക്കൾ എന്നെ വളരെ ശാസിച്ചു. ജോലി ഉപേക്ഷിച്ച് സ്വദേശത്ത് വന്ന് തങ്ങളോടൊപ്പം നിൽക്കുവാൻ പറഞ്ഞു. അതുകൊണ്ട് ഞാൻ ജോലി ഉപേക്ഷിച്ച് കേരളത്തിലേക്ക് വന്നു. തൽക്കാലത്തേക്ക് മറ്റൊരു ജോലിക്ക് ശ്രമിച്ചിട്ടും ലഭിക്കുന്നില്ല. 'നീ ഒന്നിനും പ്രയോജനമില്ലാത്ത **useless** ആണ്. നീ ഞങ്ങൾക്ക് എപ്പോഴും വേദന മാത്രമാണ് നൽകുന്നത്' എന്ന് പറഞ്ഞ് മാതാപിതാക്കൾ എപ്പോഴും ശകാരിച്ചുകൊണ്ടിരിക്കും. സ്നേഹിതർക്ക് പണം നൽകി സഹായിക്കാനല്ലാതെ എന്നെ ആവശ്യമില്ല. യാതൊന്നും പ്രതീക്ഷിക്കാതെ സത്യസന്ധമായി സ്നേഹിച്ചു. അതിന്റെ ഫലമായി ഇന്ന് വെറുംകൈയോടെ ഇരിക്കുന്നു. ഞാൻ എന്ത് ചെയ്യും? എന്റെ ഭാവി എന്താകും? എനിക്ക് വീണ്ടും എഴുന്നേൽക്കാൻ കഴിയുമോ? എനിക്ക് ജീവിതത്തിൽ നേടുവാൻ കഴിയുമോ?

**- സോഫിയ കേരളം.**

സഹോദരി,

നിങ്ങളുടെ വേദനയും നിരാശയും എനിക്ക് മനസ്സിലാകുന്നു. സ്നേഹം കാണിക്കേണ്ട മാതാപിതാക്കൾ വേദനിപ്പിക്കുന്ന രീതിയിൽ സംസാരിക്കുന്നതും, എത്രമാത്രം നന്മ ചെയ്തിട്ടും, സ്വീകരിച്ച നന്മകൾ മറന്ന് ഫോൺ **call** പോലും എടുക്കാത്ത സ്നേഹിതരും, ഇങ്ങനെ സ്വാർത്ഥമായ സ്നേഹത്തിലും യഥാർത്ഥ സ്നേഹവും സൗഹൃദവും ലഭിക്കാതെ ഏകാന്തതയിൽ ആയിരിക്കുന്നു എന്ന് മനസ്സിലാകുന്നു.

സോഫിയ, മറ്റുള്ളവർക്ക് സഹായം ചെയ്യാനുള്ള മനസ്സ് നിങ്ങൾക്കുണ്ടെങ്കിലും, കൈവശമുള്ള പണം കൈകാര്യം ചെയ്യാനുള്ള അറിവില്ലായ്മയാണ് ഈ പ്രശ്നങ്ങൾക്ക് കാരണം എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇന്നത്തെ സാഹചര്യത്തിൽ പല യൗവനക്കാർക്കും സമ്പാദിക്കാൻ അറിയാം! എന്നാൽ സമ്പാദിക്കുന്ന പണം എങ്ങനെ ചെലവാക്കണം എന്നറിയാതിരിക്കുന്നതാണ് ഒരു വലിയ പ്രശ്നം.

സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്നതുവരെ പോക്കറ്റ് മണി മാത്രം ലഭിച്ച് ചെലവ് ചെയ്തുകൊണ്ടിരുന്നവർക്ക്, ജോലിക്ക് പോയി, ആദ്യ മാസം ആയിരങ്ങൾ കൈയിൽ വരുമ്പോൾ അത് എങ്ങനെ എന്തിന് ചെലവാക്കണം? എത്ര ചെലവാക്കണം? എന്ന് അറിയില്ല. സോഫിയ നിങ്ങളുടെ സാഹചര്യം നോക്കുമ്പോൾ, വേദപുസ്തകത്തിലെ ഒരു സംഭവം ഓർമ്മ വരുന്നു.

തന്റെ പിതാവിൽ നിന്നും സമ്പത്ത് വാങ്ങി പോയ ഇളയ മകൻ, അത്



ചെലവഴിക്കുന്നതെങ്ങനെ എന്നറിയാതെ, തെറ്റായ ജീവിതം നയിച്ചതിനെ തുടർന്ന് ഒന്നുമില്ലാതെ ദാരിദ്ര്യത്തിൽ അകപ്പെട്ടു. തനിക്ക് ബുദ്ധി ഉദിച്ചപ്പോൾ, എന്റെ പിതാവിന്റെ അടുക്കൽ പോകാം എന്നു തീരുമാനിച്ചതുകൊണ്ട്, അവന്റെ ജീവിതത്തിൽ ഒരു വലിയ മാറ്റമുണ്ടായി. അവന് നഷ്ടപ്പെട്ടത് വീണ്ടും ലഭിക്കാനിടയായി. ഇന്ന് സോഫിയ, നിങ്ങൾക്കും വീണ്ടും എഴുന്നേൽക്കാൻ കഴിയും. തീർച്ചയായും നിങ്ങൾക്ക് ഒരു ജോലി ലഭിക്കും. നിങ്ങളുടെ മാതാപിതാക്കൾ പറയുന്നതുപോലെ നിങ്ങൾ **useless** ഒന്നുമല്ല. നിങ്ങൾക്ക് വീണ്ടും നേടുവാൻ കഴിയും.

എന്നാൽ നിങ്ങൾക്ക് **Decission Making Skill** ആവശ്യമാണ്. **Making choice** അതായത് തിരഞ്ഞെടുക്കുന്നതും നേരായി തീരുമാനമെടുക്കുന്നതുമാണ് ഇന്നത്തെ യൗവനക്കാരുടെ പ്രശ്നം. നിങ്ങൾക്ക് നല്ല ജോലി, കൈ നിറയെ ശമ്പളം എന്നാൽ ശമ്പളം



മാതാപിതാക്കൾ ചോദിക്കുന്നില്ല. പക്ഷേ എങ്ങനെ ചെലവ് ചെയ്യണം എന്ന് നിങ്ങൾക്കും അറിയില്ല. **Now pocket empty.**

നിങ്ങളുടെ വലിയ പ്രശ്നം എന്തെന്നാൽ, നിങ്ങളുടെ തിരഞ്ഞെടുപ്പും , വ്യക്തമായ തീരുമാനവുമാണ്. എങ്ങനെയുള്ള വ്യക്തികൾ നിങ്ങളുടെ സ്നേഹിതരായി, സുഹൃത്തുക്കളായിരിക്കണമെന്ന് നിങ്ങൾ തീരുമാനിക്കണം. നിങ്ങളുടെ **Standard** എന്താണ്, ചെയ്യാൻ പാടില്ലാത്തത് എന്താണ് , എന്തൊക്കെയാണ് ചെയ്യേണ്ടത് എന്ന് ഉറച്ച തീരുമാനമില്ല. നിങ്ങളുടെ ജീവിതത്തിൽ വ്യക്തമായ തീരുമാനം ഉണ്ടെങ്കിൽ, ഇത്തരം തെറ്റായ കാര്യങ്ങൾക്ക് നിങ്ങളുടെ സ്നേഹിതരോടൊപ്പം പോകുകയില്ല. അതുമാത്രമല്ല, ആവശ്യമില്ലാതെ പണം ചെലവാക്കില്ല. സ്വദേശം വിട്ട് മറ്റ് സംസ്ഥാനത്തിൽ പോയാലും, **Do's & Don't** നിർബന്ധമായും ആവശ്യമാണ്. നിങ്ങളെ മോശമാക്കുന്ന കാര്യങ്ങൾക്ക് **'No'** പറയും എന്ന് തീരുമാനം എടുക്കണം. അപ്പോൾ മാത്രമേ ക്രമമായ ജീവിതം നയിക്കുവാൻ സാധിക്കൂ. ഇങ്ങനെ തീരുമാനമെടുക്കാൻ കഴിയാത്ത പലരും, ജീവിതത്തിൽ വഴുതി വീഴുകയും, എഴുന്നേൽക്കാൻ കഴിയാതെ ജീവിതത്തിൽ മുടങ്ങിപ്പോകുകയും ചെയ്യുന്നു.

**സോഫിയ, നിങ്ങൾ ചെയ്യേണ്ട ചില കാര്യങ്ങൾ:**

► നിങ്ങൾക്ക് നേടുവാൻ കഴിയും, എഴുന്നേൽക്കാൻ കഴിയും എന്ന് മനസ്സിൽ തീരുമാനിക്കണം. അപ്പോൾ നിങ്ങൾക്ക് എഴുന്നേൽക്കാൻ കഴിയും.

► നിങ്ങൾ ശ്രമിച്ചാൽ കേരളത്തിൽ ഒരു നല്ല ജോലിയിൽ പ്ലേസ്മെന്റ് ലഭിക്കുവാൻ സാധിക്കും. നിങ്ങളുടെ ശ്രമം ഉപേക്ഷിക്കരുത്. ശരിയായ സ്നേഹിതരെ തിരഞ്ഞെടുക്കുന്നതാണ് നല്ലത്.

► ഏത് കാര്യങ്ങൾ എന്നെ മോശമാക്കുമോ അത് ചെയ്യുകയില്ല എന്ന ഉറച്ച തീരുമാനം എടുക്കണം. അതിൽ നിന്നും വേർപെട്ടിരിക്കണം.

► നിങ്ങളുടെ ശമ്പളം എങ്ങനെ ചെലവാക്കണം എന്ന് തീരുമാനിക്കണം. തെറ്റായ പാപ കാര്യങ്ങൾക്കും, ആവശ്യമില്ലാത്ത കാര്യങ്ങൾക്കും ചെലവാക്കുകയില്ല എന്ന് തീരുമാനിക്കണം.

► കരുതൽ എന്ന ശീലം പിന്തുടരണം. അത് നിങ്ങളുടെ ഭാവിക്കും വിവാഹ ജീവിതത്തിനും പ്രയോജനമായിരിക്കും.

**ഇങ്ങനെ ചില മാറ്റങ്ങൾ പിന്തുടരുകയാണെങ്കിൽ, സോഫിയ, നിങ്ങളുടെ ജീവിതത്തിൽ വീണ്ടും ഉയർച്ച ഉണ്ടാകുവാൻ സാധ്യതയുണ്ട്. ദാനിയേൽ എന്ന യൗവനക്കാരന്റെ വ്യക്തമായ തീരുമാനം അവന്റെ എല്ലാ പ്രശ്നങ്ങളും നീക്കി വിശുദ്ധമായ ജീവിതം നയിക്കുവാനും, ദൈവത്തിന് പ്രിയമായി ജീവിക്കുവാനും അവനെ സഹായിച്ചു. ദാനിയേലിനെ സഹായിച്ച കർത്താവ് നിങ്ങളെയും സഹായിക്കും. വ്യക്തമായ തീരുമാനം നിങ്ങളെ ഉയരങ്ങളിൽ കൊണ്ടുപോകും!**



# നഷ്ടത്തിലും സഹിഷ്ണുത!



**സഹിഷ്ണുത കാണിച്ചവർ ഭാഗ്യവാന്മാർ. ഇയ്യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവ് വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു; കർത്താവു മഹാ കരുണയും മനസ്സലിവുമുള്ളവനല്ലോ (ഇയ്യോബ് 5:11).**

**ഇയ്യോബിന്റെ സഹിഷ്ണുതയെക്കുറിച്ച് തിരുവെഴുത്ത് സാക്ഷ്യം വഹിക്കുന്നു. ഇയ്യോബ് സഹിച്ചതുകൊണ്ട് കർത്താവ് അവനെ ഇരട്ടിയായി അനുഗ്രഹിച്ചു.**



**"ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ"** (റോമർ 12:12) എന്ന് വേദപുസ്തകത്തിൽ പറയുന്നു. ഇയ്യോബ് തന്റെ കഷ്ടപ്പാടുകളിൽ ക്ഷമയുള്ളവനായിരുന്നു. ഇയ്യോബിന് ചുറ്റുമുള്ളവർ അവനെ കുറ്റപ്പെടുത്തി. അവർ അവനെ പരിഹസിച്ചു. അവന്റെ വിശുദ്ധിയെ ചോദ്യം ചെയ്തു. എന്നിട്ടും ഇയ്യോബ് സഹിഷ്ണുതയുള്ളവനായിരുന്നു.

യേശുവിനെ അവർ "ഭൂതബാധിതൻ" എന്ന് വിളിച്ചപ്പോഴും, മുഖത്ത് തുപ്പിയപ്പോഴും, മുള്ളുകൊണ്ടുള്ള കിരീടം ധരിപ്പിച്ചപ്പോഴും യേശു ക്ഷമയോടിരുന്നു. കഷ്ടപ്പാടുകൾ സഹിക്കാൻ നാം തയ്യാറല്ല. നമുക്ക് സഹിഷ്ണുതയും ക്ഷമയും ഇല്ലാത്തതുകൊണ്ടാണ് വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ 'എനിക്ക് ഈ പുരുഷനെ വേണ്ട', 'എനിക്ക് ഈ ഭാര്യയെ വേണ്ട', 'വിവാഹമോചനം വേണം' എന്ന് പറയുന്നത്. കഷ്ടപ്പാടുകളിൽ ക്ഷമ കാണിക്കാൻ നാം പഠിക്കണം. കുടുംബം എന്നാൽ കഷ്ടപ്പാടും വേദനയും ഉണ്ടായിരിക്കും. അതിലും ക്ഷമയോടിരിക്കണമെന്ന് മാതാപിതാക്കൾ പറഞ്ഞുകൊടുത്ത് മക്കളെ വളർത്തണം. ഇയ്യോബ് തന്റെ വേദനനിറഞ്ഞ അവസ്ഥയിലും സഹിഷ്ണുതയോടിരുന്നു.

ഇയ്യോബ് 42:5,6 വചനങ്ങളിൽ, "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു

പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു" എന്ന് ഇയ്യോബ് പറയുന്നു. ദൈവത്തെ കണ്ട മനുഷ്യനാണ് ഇയ്യോബ്. ദൈവത്തെക്കുറിച്ച് ചെവികൊണ്ട് കേട്ടവൻ ഇപ്പോൾ ദൈവത്തെ സ്വന്തം കണ്ണുകൊണ്ട് കാണുന്നുവെന്ന് പറയുന്നു.

പുറപ്പാട് 33:18-ാം വചനത്തിൽ, "നിന്റെ തേജസ്സ് എനിക്കു കാണിച്ചു തരേണമേ" എന്ന് മോശെ ദൈവത്തോട് അപേക്ഷിക്കുന്നു. അതിന് കർത്താവ് "ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല. നീ ആഗ്രഹത്തോടെ ചോദിക്കുന്നതുകൊണ്ട് നിനക്ക് എന്നെ കാണാൻ കഴിയും; ആ പാറമേൽ നീ നില്ക്കേണം, ഞാൻ കടന്നുപോകുമ്പോൾ നീ എന്റെ പിൻഭാഗം കാണും" എന്ന് അരുളിച്ചെയ്തു.



പഴയ നിയമ കാലഘട്ടത്തിൽ കാണപ്പെടാതിരുന്ന ദൈവത്തെ വെളിപ്പെടുത്തുവാനാണ് പുതിയനിയമത്തിൽ യേശു ലോകത്തിലേക്ക് വന്നത്. അപ്പൊ. പ്രവ.9-ാം അദ്ധ്യായത്തിൽ, യേശു ശൗലിന് പ്രത്യക്ഷപ്പെട്ട്, 'നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ' എന്ന് പറയുന്നു. അപ്പൊ. പ്രവ.22:17ൽ പൗലൊസ് ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, യേശുവിനെ കണ്ടുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യേശുവിനെ കാണാൻ കഴിയും. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, കർത്താവ് അവന്റെ സ്ഥിതിക്കു ഭേദം വരുത്തി മുമ്പേ ഉണ്ടായിരുന്നതൊക്കെയും ഇരട്ടിയായി കൊടുത്തു **(ഇയ്യോബ് 42:10)**. ഇയ്യോബ് കഷ്ടതയിലായിരുന്നപ്പോഴും തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. **ഇയ്യോബ് 42:7,8** വചനങ്ങളിൽ, ഇയ്യോബിന്റെ സ്നേഹിതന്മാരുടെ മേൽ ദൈവകോപം ജ്വലിച്ചു. അവർ നശിച്ചുപോകാതിരിക്കാൻ, ഇയ്യോബ് അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, ഇയ്യോബിന്റെ മുഖത്തെ ആദരിച്ച് അദ്ദേഹത്തിന്റെ സ്നേഹിതന്മാരോട് ക്ഷമിക്കുമെന്ന് കർത്താവ് പറഞ്ഞു. 'ഞാൻ കഷ്ടതയിലിരിക്കുന്നു, എനിക്ക് എങ്ങനെ പ്രാർത്ഥിക്കാൻ കഴിയും ആദ്യം എന്റെ കഷ്ടത മാറ്റിയാൽ മാത്രമേ മറ്റുള്ളവർക്കുവേണ്ടി എനിക്ക് പ്രാർത്ഥിക്കാൻ കഴിയൂ' എന്ന് ഇയ്യോബ് പറഞ്ഞില്ല. കർത്താവിന്റെ കോപം തന്റെ സ്നേഹിതന്മാരുടെ മേൽ വന്നിരിക്കുന്നു എന്ന് മനസ്സിലാക്കിയ ഇയ്യോബ്, 'കർത്താവേ, എന്റെ സനേഹിതന്മാരോട് ക്ഷമിക്കണമേ' എന്ന് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് ഇയ്യോബിന്റെ മുഖത്തെ ആദരിച്ച് അവന്റെ സ്നേഹിതന്മാരോട് ക്ഷമിച്ചു. ഉടൻ തന്നെ ഇയ്യോബിന്റെ സ്ഥിതിയും കർത്താവ് മാറ്റി. നിങ്ങൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ മുഖത്തെ കർത്താവ് ആദരിക്കുകയും നിങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്തുകയും ചെയ്യും.

**ഇന്ന് നമ്മുടെ ദേശത്തിൽ കർത്താവിനെ ദുഃഖിപ്പിക്കുന്ന ധാരാളം ജനങ്ങളുണ്ട്. പാപം നിമിത്തം ദൈവകോപം ദേശത്തിന്മേൽ വരുന്നു. നീ പ്രാർത്ഥിച്ചാൽ ഞാൻ ക്ഷമിക്കും എന്ന് കർത്താവ് പറയുന്നു. 'കർത്താവേ, എന്റെ ജനത്തോട് ക്ഷമിക്കണമേ, എന്റെ ജനത്തിന്റെ അജ്ഞത ക്ഷമിക്കേണമേ, പാപങ്ങൾ ക്ഷമിക്കണമേ! ഞാൻ അവർക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു' എന്ന് കർത്താവിനോട് പ്രാർത്ഥിക്കുമ്പോൾ, ദേശത്തിന്മേൽ വരാനിരിക്കുന്ന കോപത്തിൽ നിന്നും കർത്താവ് സംരക്ഷിക്കും. ഇയ്യോബ് തന്റെ രോഗാവസ്ഥയിലും, പ്രശ്നങ്ങളുടെ മദ്ധ്യത്തിലും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ, കർത്താവ് ഇയ്യോബിന്റെ സ്ഥിതി മാറ്റിയതുപോലെ, നിങ്ങളുടെ സ്ഥിതിയും മാറ്റി, ഇരട്ടിയായി നിങ്ങളെ അനുഗ്രഹിക്കും!**

# കഷ്ടതകളുടെ നടുവിൽ...

തമിഴ്നാട്ടിലെ കിഴക്കൻ മേഖലകളിൽ സ്ഥിതി ചെയ്യുന്ന കൊല്ലിമല, പച്ചമല, കൽവരയൻ മല, ബോധമല, പൈത്തൂർ മല എന്നിവിടങ്ങളിലെ മലയോര ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭാര്യയോടൊപ്പം ക്രിസ്തുവിന്റെ സുവിശേഷം അറിയിച്ച് ശുശ്രൂഷ ചെയ്ത ശ്രീ. ജെസ്സിമെൻ ബ്രാൻഡ് എന്ന മിഷനറിയുടെ ജീവചരിത്രത്തെക്കുറിച്ച് ഈ ഭാഗത്ത് നമുക്ക് കാണാം.

1885ൽ ഇംഗ്ലണ്ടിലാണ് ജെസ്സിമെൻ ജനിച്ചത്. ഇദ്ദേഹത്തിന്റെ പിതാവ് മക്കളുടെ ആത്മീയ ജീവിതത്തിലും, വചനം പഠിപ്പിക്കുന്നതിലും താല്പര്യമുള്ളവനായിരുന്നു. ജെസ്സിമെനും കർത്താവിനെ ശുശ്രൂഷിക്കാനുള്ള ആഗ്രഹമുണ്ടായിരുന്നെങ്കിലും, പൂർണ്ണമായും തന്നെ സമർപ്പിച്ചിരുന്നില്ല. തന്റെ 14-ാം വയസ്സിൽ ബ്രൗൺ എന്ന പ്രാസംഗികൻ, 'യേശുവേ വേഗത്തിൽ വരേണമേ' എന്ന് പ്രാർത്ഥിക്കുന്നത് കേട്ട ജെസ്സിമെന്റെ ഹൃദയത്തിൽ ഒരു നടുക്കം ഉണ്ടാവുകയും, 'യേശു വേഗത്തിൽ വന്നാൽ ഞാൻ നരകത്തിൽ പോകുമോ?' എന്ന ഭയം നിമിത്തം ദൈവത്തോട് തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ്, 20-ാം വയസ്സിൽ മിഷനറിയായി തന്നെ സമർപ്പിക്കുകയും ചെയ്തു.

ഒരു വർഷത്തെ വൈദ്യശാസ്ത്ര പഠനത്തിനുശേഷം, 22-ാം വയസ്സിൽ അദ്ദേഹം തന്റെ സമ്പന്നമായ ജീവിതം ഉപേക്ഷിച്ച്, 1907ൽ ചെന്നൈയിൽ വന്നു, 2 വർഷത്തിനുള്ളിൽ തമിഴ് പഠിച്ചതിനുശേഷം, 24 വയസ്സുള്ളപ്പോൾ സേലം ജില്ലയിലെ സെന്ദമംഗലത്തേക്ക് അയക്കപ്പെട്ടു. ധാരാളം എലികളുള്ള ഒരു കുടിലിൽ താമസിച്ചിരുന്നെങ്കിലും, അവിടെ ഒരു ചെറിയ ആശുപത്രി സ്ഥാപിച്ച് വൈദ്യസഹായത്തിലൂടെ യേശുവിന്റെ സ്നേഹം വെളിപ്പെടുത്തി.

കൊല്ലിമല ഒരു വനപ്രദേശമാണ്. കരടികളും ചെന്നായ്ക്കളും ധാരാളം ഉണ്ടായിരുന്നെങ്കിലും, വൈദ്യസഹായം നൽകുന്നതിനായി അദ്ദേഹം കിലോമീറ്ററുകൾ നടന്ന് യേശുവിന്റെ സ്നേഹം വെളിപ്പെടുത്തി. കൊല്ലിമലയിൽ 200ലധികം ഗ്രാമങ്ങളുണ്ടെന്ന് അറിഞ്ഞ്, അവിടെ പോയി വൈദ്യസഹായം നൽകുവാൻ അദ്ദേഹം തീരുമാനിച്ചു.



1912ൽ (27- വയസ്സിൽ) ഇംഗ്ലണ്ടിൽ പോയി വൈദ്യശാസ്ത്രപഠനം പൂർത്തിയാക്കി, കൊല്ലിമലയിലെ വാഴവന്തി എന്ന സ്ഥലത്തേക്ക് നടന്നു പോയി, ആ പ്രദേശത്തിലെ പുരോഹിതൻ നൽകിയ ഒരു ചെറിയ കുടിലിൽ താമസിച്ച്, ഗ്രാമങ്ങൾ സന്ദർശിച്ച് വൈദ്യസഹായം നൽകി യേശുവിനെക്കുറിച്ച് അറിയിക്കുവാൻ തുടങ്ങി.

1913ൽ ജെസ്സിമെനും എവ് ലിനും സെന്ദമംഗലത്ത് വിവാഹിതരായി. അന്ന് വൈകുന്നേരം അവർ വാഴവന്തി എന്ന സ്ഥലത്ത് എത്തി ഒരു തൊഴുത്തിൽ താമസിച്ചു. മെഡിക്കൽ ക്യാമ്പുകൾ നടത്തി ആ ഗ്രാമത്തിലെ ജനങ്ങളെ സന്ദർശിച്ചു. എല്ലാ വൈദ്യസഹായങ്ങളും സ്വീകരിച്ചതല്ലാതെ, 6 വർഷത്തിനിടയിൽ ഒരാൾ പോലും യേശുവിനെ സ്വീകരിച്ചില്ല.

10 വർഷങ്ങൾക്ക് ശേഷം, അവരുടെ മക്കളായ പോൾ ബ്രാൻഡിന് 9 വയസ്സും, കോണിക്ക് 6 വയസ്സും ആയപ്പോൾ അവരെ ഇംഗ്ലണ്ടിലെ ഒരു ബോർഡിംഗ് സ്കൂളിൽ ചേർത്തു. അവധിക്കാലം കഴിഞ്ഞ് കുഞ്ഞുങ്ങളെ അയയ്ക്കാൻ ജെസ്സിമെനും എവ് ലിനും വളരെ പ്രയാസമായിരുന്നു. അതാണ് കുഞ്ഞുങ്ങളെ അവസാനമായി കാണുന്നതെന്ന് ജെസ്സിമെനും അറിഞ്ഞിരുന്നില്ല. കൊല്ലിമലയിലെ ജനങ്ങളോടുള്ള

ആഴമായ ആത്മഭാരം നിമിത്തം ഒരു മാസത്തിനുള്ളിൽ ഇംഗ്ലണ്ടിൽ നിന്ന് മടങ്ങിയെത്തി.



കൊല്ലിമലയിലെ ധാരാളം ദരിദ്രരും അനാഥരുമായ കുഞ്ഞുങ്ങളെക്കുറിച്ച് ജെസ്സിമെന് ആശങ്കയുണ്ടായിരുന്നതുകൊണ്ട്, ഇംഗ്ലണ്ടിൽ നിന്നും ലഭിച്ച സഹായത്തോടെ ആദ്യം ഒരു വനിതാ ഹോസ്റ്റലും പുരുഷന്മാർക്കായുള്ള ഹോസ്റ്റലും നിർമ്മിച്ചു. ഒരു വർഷത്തിനുള്ളിൽ ഏകദേശം 25,000 പേർക്ക് അദ്ദേഹം വൈദ്യചികിത്സ നൽകി അവരോട് ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തി. 600ലധികം ശസ്ത്രക്രിയകൾ അവർക്കുവേണ്ടി ചെയ്തു. തന്റെ സ്വന്തം പരിശ്രമത്താൽ അദ്ദേഹം ഒരു പള്ളിയും, 9 സ്കൂളുകളും, ഒരു ആശുപത്രിയും, സ്ത്രീകൾക്കായി ഒരു ഹോസ്റ്റലും, പുരുഷന്മാർക്കായി ഒരു ഹോസ്റ്റലും, ഒരു കാർഷിക ഫാമും പട്ടുനൂൽപ്പുഴു ഫാമും നിർമ്മിച്ചു. കൊല്ലിമല എന്നറിയപ്പെട്ടിരുന്ന മരണമലയെ ജനങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു സ്ഥലമാക്കി മാറ്റി. ഇതിലൂടെയെല്ലാം സുവിശേഷം അറിയിക്കാൻ അദ്ദേഹം മറന്നില്ല. ജെസ്സിമെൻ നടത്തിയ സാമൂഹിക പരിഷ്കരണ വിപ്ലവം ഇപ്പോഴും കൊല്ലിമലയിൽ സ്മാരകങ്ങളായി നിലകൊള്ളുന്നു.

കൊല്ലിമലയിൽ പടർന്നുപിടിച്ച മലമ്പനിയും വിഷപനിയും ജെസ്സിമാനെയും വെറുതെ വിട്ടില്ല. Black Water Fever എന്ന വിചിത്രമായ പനി ബാധിച്ച്, 1929 ജൂൺ 15-ാം തിയതി വൈകുന്നേരം, നല്ല പോരാളി തന്റെ ആത്മാവിനെ തന്റെ പ്രിയപ്പെട്ടവന്റെ കൈകളിൽ സമർപ്പിച്ചു, ക്രിസ്തുവിനായി നല്ല പോരാട്ടം പോരാടി അവസാനിച്ചു.

**വെറും 44 വയസ്സ് മാത്രം പ്രായമുള്ള ശ്രീ. ജെസ്സിമെൻ തന്റെ ജീവിതത്തിന്റെ 17 വർഷം കൊല്ലിമലയിലെ ജനങ്ങൾക്കായി സമർപ്പിച്ചു, അദ്ദേഹം മലയോര ജനതയുടെ ജീവിതനിലവാരം ഉയർത്തുകയും അവരുടെ ഹൃദയങ്ങളിൽ സ്ഥാനം നേടുകയും ചെയ്തു. ക്രിസ്തുവിന്റെ സ്നേഹം പങ്കിടാൻ നിങ്ങൾ തയാറാണോ?**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

**തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.**



## പ്രാർത്ഥന ഡയറി - ഫെബ്രുവരി 2026

# വരുവിൻ പ്രാർത്ഥിക്കാം!


മയക്കുമരുന്നുകളും, ഗുളികകളും, കുത്തിവയ്പ്പുകളും നിരോധിക്കാനും, ലഹരിവസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് അവബോധം വളർത്താനും പ്രത്യേകിച്ച് മയക്കുമരുന്ന് ശീലങ്ങളിൽ അകപ്പെട്ടിരിക്കുന്ന കർത്താവ് തിരെഞ്ഞെടുത്ത കുഞ്ഞുങ്ങളെ ദൈവം വീണ്ടെടുക്കാനും പ്രാർത്ഥിപ്പിൻ.



കഴിഞ്ഞ 5 (ജൂലൈ- നവംബർ) മാസത്തിനുള്ളിൽ തുർക്കി, ഇന്തോനേഷ്യ, ജപ്പാൻ, ഫിലിപ്പീൻസ്, അഫ്ഗാനിസ്ഥാൻ, പസഫിക് സമുദ്രം എന്നിവയുൾപ്പെടെ 13 രാജ്യങ്ങളിൽ നേരിയതോ മിതമായയോ ആയി 1280ലധികം ഭൂകമ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അതാത് രാജ്യങ്ങളിലെ കാലാവസ്ഥ കേന്ദ്രങ്ങൾ പറയുന്നു. നമ്മുടെ മുന്നിൽ നടന്നുകൊണ്ടിരിക്കുന്ന അന്ത്യകാല സംഭവങ്ങളെ മനസ്സിലാക്കി ഭാരത്തോടെ പ്രാർത്ഥിപ്പിൻ.



ആഗോള ഉത്തേജന വിരുദ്ധ ഏജൻസി (**WADA**) 2024ൽ പുറത്തിറക്കിയ റിപ്പോർട്ടിൽ, തുടർച്ചയായി മൂന്നാം വർഷവും നിരോധിത വസ്തുക്കൾ ഉപയോഗിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ഒന്നാം സ്ഥാനത്തിലെത്തിയിരിക്കുന്നു. ഈ അവസ്ഥ മാറുന്നതിനായി പ്രാർത്ഥിപ്പിൻ.



ലോകമെമ്പാടുമായി ഏകദേശം 45 കോടി ജനങ്ങൾ അതായത് ലോക ജനസംഖ്യയിൽ 7% പേർ ന്യുമോണിയ ബാധിതരാണ്. എല്ലാ വർഷവും ഏകദേശം 4 കോടി ജനങ്ങൾ ഈ രോഗം നിമിത്തം മരണപ്പെടുന്നു. ഈ രോഗം ബാധിച്ച എല്ലാവർക്കും കർത്താവ് പൂർണ്ണസൗഖ്യം നൽകുവാനായി പ്രാർത്ഥിക്കുവിൻ.



തമിഴ്നാട്ടിൽ 15,000 കുഞ്ഞുങ്ങൾ ഉൾപ്പെടെ ഇന്ത്യയിലുടനീളം ടൈപ്പ് 1 പ്രമേഹം ബാധിച്ചിരിക്കുന്ന 9 ലക്ഷം കുഞ്ഞുങ്ങളെ കർത്താവ് സൗഖ്യമാക്കുവാനായി പ്രാർത്ഥിപ്പിൻ.





സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ മയക്കുമരുന്നിന് അടിമപ്പെടുന്നത് വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ, ആസക്തിയുടെ കെണിയിൽ അകപ്പെട്ട് ശരീരത്തിന് കേടുപാടുകൾ വരുത്തി, ജീവൻ നഷ്ടപ്പെടുത്തുന്ന യൗവനക്കാർ വിടുവിക്കപ്പെടാനായി പ്രാർത്ഥിപ്പിൻ.



കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി ജോലിക്ക് അയയ്ക്കുന്ന സംഘങ്ങൾ പിടിക്കപ്പെടാനും, കുഞ്ഞങ്ങളെ തിരിച്ച് ലഭിക്കുവാനും, ഈ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ കർശനമായ നിയമങ്ങൾ കൊണ്ടുവരാനും പ്രാർത്ഥിപ്പിൻ.



മഹാരാഷ്ട്രയിൽ കഴിഞ്ഞ വർഷം സെപ്റ്റംബർ - നവംബർ മാസങ്ങളിൽ മാത്രം 766 കർഷകർ ആത്മഹത്യ ചെയ്തു. സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുവാനും കർഷക ആത്മഹത്യ മാറുവാനും പ്രാർത്ഥിപ്പിൻ.



ലോകത്തിൽ 26 കോടി ജനങ്ങൾ യേശുവിനെ അനുഗമിച്ചതിന്റെ പേരിൽ കഠിനമായി പീഡനം അനുഭവിക്കുന്നു. ലോകമെമ്പാടുമുള്ള 9ൽ ഒരു ക്രൈസ്തവൻ കഠിനമായി പീഡനം നേരിടുന്നു. ഓരോ ദിവസവും 11 പേർ കൊല്ലപ്പെടുന്നു. ക്രൈസ്തവർക്കെതിരായ പീഡനം അവസാനിക്കുവാനായി പ്രാർത്ഥിപ്പിൻ.




ലോകത്തിൽ ഏറ്റവുമധികം യുവജനസംഖ്യയുള്ള ഇന്ത്യയിൽ, അവരുടെ എണ്ണത്തിനൊത്തവണ്ണം അനുയോജ്യമായ തൊഴിലവസരങ്ങളില്ല. ഇന്ത്യയിൽ ജോലി ചെയ്യാൻ കഴിവുള്ളവരിൽ 40% പേർക്ക് മാത്രമേ ജോലിയുള്ളൂ. 30%ത്തിൽ കൂടുതൽ യൗവനക്കാർ തൊഴിൽ രഹിതരാണ്. യൗവനക്കാർക്കിടയിലാണ് തൊഴിലില്ലായ്മ ഏറ്റവും കൂടുതലെന്ന് ഒരു പഠനം പറയുന്നു. സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമിയുടെ **(CMIE)** കണക്കുകൾ പ്രകാരം, നഗരങ്ങളിൽ തൊഴിലില്ലായ്മ 8.4%വും ഗ്രാമങ്ങളിൽ തൊഴിലില്ലായ്മ 7.5%വുമായി ഉയർന്നിട്ടുണ്ട്. യൗവനക്കാർക്ക് വിദ്യാഭ്യാസത്തിന് അനുയോജ്യമായ ജോലികൾ ലഭിക്കുവാനായി പ്രാർത്ഥിപ്പിൻ.

# വെളിച്ചം തിരയുന്ന പ്രാണികൾ!



മഴക്കാലം കഴിഞ്ഞ് ശീതകാലത്തിന്റെ അവസാനത്തിലേക്ക് അടുക്കുകയാണ്. എല്ലാ കനാലുകളും, വയലുകളും നിറഞ്ഞ് വിളകൾ സമൃദ്ധമായി വളരുന്ന കാലമാണിത്. ഇതോടൊപ്പം ഫംഗസും പ്രാണികളും വർദ്ധിക്കുന്ന കാലഘട്ടവുമാണ്!

പ്രാണികളെ നിയന്ത്രിക്കാൻ കർഷകർ ചിലപ്പോൾ രാത്രിയിൽ വയലുകളുടെ നടുവിൽ ഒരു വിളക്ക് തൂക്കിയിടാറുണ്ട്. വിളക്കിന്റെ വെളിച്ചത്തിൽ ആകർഷിക്കപ്പെടുന്ന പ്രാണികൾ വിളക്കിൽ തട്ടി വിളക്കിന്റെ ചൂടിൽ മരിക്കുന്നു. രാവിലെ വരുമ്പോൾ ആയിരക്കണക്കിന് പ്രാണികളുടെ ചത്ത ശരീരം കാണാൻ കഴിയും. എന്തുകൊണ്ടാണ് ഈ പ്രാണികളെല്ലാം ഇങ്ങനെ ഒരു കൂട്ടമായി ആത്മഹത്യ ചെയ്തതെന്ന് ചിന്തിച്ചാൽ, വിളക്കിന്റെ വെളിച്ചമാണ് അവയെ ആകർഷിച്ചതെന്ന് നമുക്ക് കണ്ടെത്താനാകും. ഇതിനെക്കുറിച്ച് നിരവധി കാര്യങ്ങൾ പറഞ്ഞാലും, ചില മുൻകരുതലുകൾ എടുത്തിരുന്നെങ്കിൽ, അകാല മരണത്തിൽ നിന്ന് രക്ഷപ്പെടാമായിരുന്നു. മറ്റ് പ്രാണികൾ തങ്ങളുടെ കൺമുന്നിൽ വീണു മരിക്കുന്നത് കണ്ടിട്ടും മുന്നറിയിപ്പ് മനസ്സിലാക്കി തങ്ങളുടെ വഴി മാറ്റാത്ത പ്രാണികളും അതേ വിളക്കിൽ വീണ് മരിക്കുന്നു.

**ജീവിതം അങ്ങനെയാണ്. ചിലപ്പോൾ ലോകത്തിന്റെ വെളിച്ചം നമ്മെ ആകർഷിക്കും. ആ വെളിച്ചം കാണിക്കുന്ന ദിശയിലേക്ക് പോകുന്നവർ പാതാളത്തിന്റെ അഗാധ ഗർത്തത്തിൽ അവസാനിക്കുന്നു.**

മനുഷ്യർക്ക് എപ്പോഴും എന്തെങ്കിലും ആകർഷണം ആവശ്യമായിരിക്കുന്നു. അതും യൗവനപ്രായത്തിൽ എതിർലിംഗത്തിലുള്ളവരോടുള്ള ആകർഷണം ഹൽവ കഴിക്കുന്നത് പോലെയായി മാറുന്നു. 50 ഗ്രാമിൽ കൂടുതൽ ഹൽവ കഴിക്കുമ്പോൾ അത് ബുദ്ധിമുട്ടായിമാറും എന്നാൽ ചില വ്യക്തികൾ ഇതിൽ ഉൾപ്പെടില്ല. എതിർലിംഗത്തിലുള്ളവരുമായുള്ള ബന്ധം എത്ര കാലം നീണ്ടുനിന്നാലും അത് ബുദ്ധിമുട്ടുള്ളതും, നിയന്ത്രിക്കാൻ കഴിയാത്തതുമായ ഒരു ആകർഷണമാണ്. ഇവിടെയാണ് വയലുകളിലെ വിളക്കുകളിലൂടെ പ്രാണികൾ വീണ് മരിക്കുന്ന അഗാധത്തിലേക്ക് സാത്താൻ നമുക്ക് വേണ്ടി ചൂണ്ടൽ പുഴുവിനെ അയയ്ക്കുന്നത്. ഒടുവിൽ ചൂണ്ടൽ പുഴുവിനെ കൊതിക്കുന്ന വലിയ മത്സ്യം മരത്തിൽ തൂങ്ങിക്കിടക്കുന്ന തടവുകാരെപ്പോലെ മരിക്കുന്നു.

ലോകത്തിന്റെ മിഥ്യാ വെളിച്ചത്തിൽ കാമത്തിന്റെ ആകർഷണം അല്ലാതെ സ്നേഹത്തിന്റെ ആഴമില്ല! ഒരുപക്ഷേ ഇങ്ങനെ സങ്കൽപ്പിച്ചു നോക്കുവിൻ, ഒരു വലിയ വിപണിയിൽ സ്നേഹത്തിന്റെ പല രൂപങ്ങളും വില്ക്കപ്പെടുന്നു. നാം അവിടേക്ക് പ്രവേശിക്കുന്നു. യഥാർത്ഥ സ്നേഹം കണ്ടെത്തി അതിന് ശരിയായ വില കൊടുത്ത് വാങ്ങണം.



മനുഷ്യർക്ക് എപ്പോഴും എന്തെങ്കിലും ആകർഷണം ആവശ്യമായിരിക്കുന്നു. അതും യൗവനപ്രായത്തിൽ എതിർലിംഗത്തിലുള്ളവരോടുള്ള ആകർഷണം ഹൽവ കഴിക്കുന്നത് പോലെയായി മാറുന്നു. 50 ഗ്രാമിൽ കൂടുതൽ ഹൽവ കഴിക്കുമ്പോൾ അത് ബുദ്ധിമുട്ടായിമാറും എന്നാൽ ചില വ്യക്തികൾ ഇതിൽ ഉൾപ്പെടില്ല. എതിർലിംഗത്തിലുള്ളവരുമായുള്ള ബന്ധം എത്ര കാലം നീണ്ടുനിന്നാലും അത് ബുദ്ധിമുട്ടുള്ളതും, നിയന്ത്രിക്കാൻ കഴിയാത്തതുമായ ഒരു ആകർഷണമാണ്. ഇവിടെയാണ് വയലുകളിലെ വിളക്കുകളിലൂടെ പ്രാണികൾ വീണ് മരിക്കുന്ന അഗാധത്തിലേക്ക് സാത്താൻ നമുക്ക് വേണ്ടി ചൂണ്ടൽ പുഴുവിനെ അയയ്ക്കുന്നത്. ഒടുവിൽ ചൂണ്ടൽ പുഴുവിനെ കൊതിക്കുന്ന വലിയ മത്സ്യം മരത്തിൽ തൂങ്ങിക്കിടക്കുന്ന തടവുകാരെപ്പോലെ മരിക്കുന്നു.



ലോകത്തിന്റെ മിഥ്യാ വെളിച്ചത്തിൽ കാമത്തിന്റെ ആകർഷണം അല്ലാതെ സ്നേഹത്തിന്റെ ആഴമില്ല! ഒരുപക്ഷേ ഇങ്ങനെ സങ്കൽപ്പിച്ചു നോക്കുവിൻ, ഒരു വലിയ വിപണിയിൽ സ്നേഹത്തിന്റെ പല രൂപങ്ങളും വില്ക്കപ്പെടുന്നു. നാം അവിടേക്ക് പ്രവേശിക്കുന്നു. യഥാർത്ഥ സ്നേഹം കണ്ടെത്തി അതിന് ശരിയായ വില കൊടുത്ത് വാങ്ങണം. ആദ്യത്തെ കടയിൽ ഒരു സ്നേഹം വിൽക്കപ്പെടുന്നു, അത് ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള പ്രണയം. അത് ശുദ്ധമാണോ എന്ന് പരിശോധിച്ചാൽ, അത് മായം കലർന്നതാണെന്ന് കാണാം. ആ പ്രണയം ചില നിബന്ധനകളോടെയാണ് വിൽക്കുന്നത്. വിപണിയിലെ എല്ലാ സ്നേഹത്തെയും ഒരു പ്രാവശ്യം പരിശോധിച്ച ശേഷം ഏറ്റവും മികച്ചതും മായം കലരാത്തതുമായ സ്നേഹം വാങ്ങാൻ നാം തീരുമാനിക്കുന്നു. തുടർന്ന് അടുത്ത കടയിലേക്ക് പോകുന്നു. അടുത്ത കടയിൽ സഹോദര സ്നേഹം എന്ന സ്നേഹം വിൽക്കുന്നു. അത് മായം കലർന്നതാണോ എന്ന് പരിശോധിച്ചാൽ, അത് തുടക്കത്തിൽ നല്ലതാണെന്നും അവസാനം മായം കലർന്നതാണെന്നും കാണാം.



അടുത്ത കടയിൽ പോയി നോക്കിയാൽ, സുഹൃത്തുക്കൾ തമ്മിലുള്ള സൗഹൃദം വിൽക്കുന്നു. ഇത് നല്ലതായിരിക്കുമെന്ന് കരുതി പരിശോധിച്ചാൽ, അത് നിങ്ങൾക്ക് വാങ്ങാം. പക്ഷേ ചില സമയങ്ങളിൽ അത് ഗുരുതരമായ കുഴപ്പമാണ്. ഏഴ് കടകളിലൂടെ കടന്ന് എട്ടാമത്തെ കടയിൽ പ്രവേശിച്ചപ്പോൾ അവിടെ ഒരു സ്നേഹമുണ്ട്. അത് കാണാൻ ശുദ്ധവും മനോഹരവും ആഴമേറിയതുമായിരുന്നു.

എന്നാൽ 'വിൽപ്പനയ്ക്കുള്ളതല്ല' എന്ന ഒരു ബോർഡുണ്ടായിരുന്നു. ഈ സ്നേഹം വാങ്ങാൻ കഴിയുമെന്ന് നാം ചിന്തിച്ച് നോക്കിയാൽ വിൽപ്പനയ്ക്കുള്ളതല്ല എന്ന് എഴുതി വച്ചിരിക്കുന്നല്ലോ എന്ന് ഉത്കണ്ഠാകുലരാകുമ്പോൾ, ആ സ്നേഹത്തിന്റെ ഉടമ 'സൗജന്യമായി എടുത്തുകൊൾവിൻ' എന്ന് പറയുന്നു. അത് ആരാണെന്ന് അറിയാൻ അത്ഭുതത്തോടെ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ, ക്രൂശിതനായ യേശുവിന്റെ മുഖം ചിന്തകളാൽ വികലമായിരുന്ന രൂപം നമ്മുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്നു. പാപിയായ എന്നോട് കരുണ കാണിക്കണമേ, എന്റെ പാപങ്ങൾ ക്ഷമിക്കണമേ എന്ന് പറഞ്ഞുകൊണ്ട് മുട്ടുകുത്തി കീഴടങ്ങുന്ന ആ നിമിഷത്തിൽ, കർത്താവ് വഴി കാണിക്കുന്ന ഒരു വെളിച്ചമായി നമ്മുടെ അടുക്കലേക്ക് വരുന്നു. വാങ്ങുവാൻ




# വേദപുസ്തക ശേഖരം...

എല്ലാ വർഷത്തിന്റെ തുടക്കത്തിലും ഒരു തവണയെങ്കിലും വേദപുസ്തകം വായിക്കണം എന്ന് നാം സാധാരണയായി ഒരു ദൃഢനിശ്ചയം എടുക്കാറുണ്ട്. എന്നാൽ എവിടെ നിന്ന് തുടങ്ങണം, എന്ത് വായിക്കണം എന്ന് നമുക്ക് അറിയാത്തതുകൊണ്ട് ആ ദൃഢനിശ്ചയം കുറച്ച് ദിവസങ്ങൾ പോലും നിണ്ടുനിൽക്കുന്നില്ല.... വേദപുസ്തകത്തിൽ ആകെ 1189 അദ്ധ്യായങ്ങളുണ്ട്. ഒരു ദിവസം 4 അദ്ധ്യായങ്ങൾ വായിച്ചാൽ, ഒരു വർഷത്തിനുള്ളിൽ നിങ്ങൾക്ക് വേദപുസ്തകം മുഴുവനും വായിച്ച് തീർക്കാൻ കഴിയും. ഈ ഭാഗത്ത് വേദപുസ്തകത്തിലെ ഓരോ പുസ്തകത്തിന്റെയും പശ്ചാത്തലം ചുരുക്കമായി നാം പരിശോധിക്കാൻ പോകുന്നു.

## ഉൽപത്തി - ലോകത്തിന്റെ ഉത്ഭവം, പതനം, ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പദ്ധതിയുടെ അർത്ഥം: തുടക്കം

**പ്രധാനപ്പെട്ട സംഭവങ്ങളും, വ്യക്തികളും:**

സൃഷ്ടി (ഉൽപത്തി 1-2) മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത് - ഓരോ ജീവിതത്തിനും മൂല്യവും ലക്ഷ്യവുമുണ്ട്.

വീഴ്ച (ഉൽപത്തി 3) പാപം ലോകത്തിൽ പ്രവേശിക്കുന്നു. അത് ബന്ധങ്ങൾ തകർക്കുന്നു.

**നോഹയും പ്രളയവും** (ഉൽപത്തി 6-9) ദൈവം തിന്മയെ ന്യായം വിധിക്കുന്നു. എന്നാൽ കരുണയും പ്രത്യാശയും കാണിക്കുന്നു.

**അബ്രഹാമിന്റെ വിളി** (ഉൽപത്തി 12) എല്ലാ ജനതയെയും അനുഗ്രഹിക്കാൻ ദൈവം ഒരു കുടുംബത്തെ തെരഞ്ഞെടുക്കുന്നു.

**പോരായ്മകളുള്ള കുടുംബങ്ങൾ** (ഉൽപത്തി 25-36) യിസ്ഹാക്ക്, യാക്കോബ്, ഏശാവ് എന്നിവർ. ദൈവം മനുഷ്യന്റെ പോരായ്മകളുടെ മദ്ധ്യത്തിലും അവരിലൂടെ പ്രവർത്തിക്കുമെന്ന് കാണിക്കുന്നു - ഇതിൽ നുണ, മുൻവിധി, അസൂയ എന്നിവ ഉൾപ്പെടുന്നു.

യോസേഫ് (ഉൽപത്തി 37-50) ദൈവം വിശ്വാസവഞ്ചനയും കഷ്ടതകളും രക്ഷയായി മാറ്റുന്നു.

---

## നമ്മുടെ ചിന്തയ്ക്ക്:

- **നമ്മെ സൃഷ്ടിച്ചിരിക്കുന്നത് ഒരു ഉദ്ദേശ്യത്തോടെയാണ്.**
- **നാം പരാജയപ്പെട്ടാലും, തെറ്റുകൾ ചെയ്താലും നമ്മിൽ ആരംഭിച്ച കാര്യങ്ങൾ പൂർത്തിയാക്കാൻ ദൈവം വിശ്വസ്തനാണ്.**
- **ദൈവം നമ്മുടെ കഷ്ടപ്പാടുകളും വേദനകളും നന്മയ്ക്കായി ഉപയോഗിക്കാം. "നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കിത്തീർത്തു" (ഉൽപത്തി 50:20).**



# എന്താണ് കർത്താവിനെ പ്രസാദിപ്പിക്കുന്നത്...

## സ്തുതിയിൽ:

ഞാൻ എനിക്കുവേണ്ടി നിർമിച്ചിരിക്കുന്ന ജനം എന്റെ സ്തുതിയെ വിവരിക്കും (യെശയ്യാവ് 43:21). നമ്മുടെ സ്തുതി ദൈവത്തെ മഹത്വപ്പെടുത്തുന്നു. വിശ്വാസത്തിലും സത്യസന്ധതയിലും കർത്താവ് ആനന്ദിക്കുന്നതുപോലെ, നമ്മുടെ സ്തുതിയിലും ദൈവം ആനന്ദിക്കുന്നു (സങ്കീർത്തനം 69:30,31).





## പ്രാർത്ഥനയിൽ:

സകല മനുഷ്യർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണമെന്ന് പ്രബോധിപ്പിക്കുന്നു. അധികാരത്തിലിരിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രസാദിക്കുന്നു (1തിമൊ.2:1-3).

## വിശ്വാസത്തിൽ:

വിശ്വാസമില്ലാതെ ദൈവത്തെ പ്രസാധിപ്പിക്കുക അസാധ്യമാണ്. കർത്താവ് വിശ്വാസത്തിൽ പ്രസാദിക്കണമെങ്കിൽ, നാം കർ ത്താവിനെ ആരാധിക്കുകയും, അന്വേഷിക്കുകയും, ദൈവവചനങ്ങൾക്കനുസൃതമായി ജീവിക്കുകയും ചെയ്യണം (എബ്രാ. 11:5).






## സന്തോഷത്തോടെ നൽകുന്നവരുടെമേൽ:

നാം കർത്താവിന് എന്ത് നൽകിയാലും മനസ്സില്ലാമനസ്സോടെയോ നിർബന്ധത്താലോ അല്ല, സന്തോഷത്തോടെ നൽകണം. നാം സന്തോഷത്തോടെ നൽകുമ്പോൾ കർത്താവ് പ്രസാദിക്കുന്നു. (2കൊരി.9:7).

## യഹോവാഭക്തന്മാരുടെമേൽ:

തന്നെ യഥാർത്ഥമായി സ്നേഹിക്കുകയും, തന്റെ വചനം അനുസരിക്കുകയും ചെയ്യുന്നവരിൽ ദൈവം പ്രസാദിക്കുന്നു. തന്നെ ഭയപ്പെടുകയും തന്റെ സ്നേഹത്തിലും കരുണയിലും ആശ്രയിക്കുകയും ചെയ്യുന്നവരെ ദൈവം സ്നേഹിക്കുന്നു (സങ്കീ. 147:1).



Teen Zone




# Notification

**അരുൺ പഠിക്കാൻ table ൽ book open ചെയ്ത് നോക്കിക്കൊണ്ടിരുന്നു.. എന്നാൽ mind ellam phoneൽ.. whatsApp ping... Instagram notifications... " Someone liked your post"... "New reel for you..." ഓരോ notificationനും അവനെ study tableൽ നിന്നും slow ആയി പുറത്തേക്ക് വലിക്കുന്നു.**




**3minutes scroll** ചെയ്തശേഷം വീണ്ടും പഠിക്കാനായി പോയപ്പോൾ, **3minutes... 3hours** ആയി.. **3hours..** പഠനസമയം **waste** ആയി. ഇങ്ങനെ പല ദിവസങ്ങൾ കടന്നുപോയി.. **rank**ഉം **mark**ഉം താഴ്ന്നുകൊണ്ടിരുന്നു... ഇക്കാരണത്താൽ ഒരു വശത്ത് **guilt,** മറുവശത്ത് **phone scroll** ചെയ്യുന്നത് നിർത്തുവാൻ കഴിയുന്നില്ല.. ഞാൻ എന്തുകൊണ്ടാണ് ഇങ്ങനെയായത് എന്ന വലിയൊരു **question...** അവൻ മനോഭാരത്തോടെയിരുന്നു.

ഒരു ദിവസം അരുൺ **phone charger**ൽ വയ്ക്കാൻ മറന്നു... **battery** 1% മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സമയത്ത് **power cut** ആയി... "ഹേയ് അരുൺ ഇന്ന് **shut down... Evening** 6 മണി വരെ **current** വരില്ല" എന്ന് അമ്മ പറഞ്ഞപ്പോൾ അവൻ കൂടുതൽ **irritate** ആയി. കുറച്ച് നേരം പോലും **phone** ഇല്ലാതിരിക്കാൻ അവന് കഴിയില്ല....



പക്ഷേ **battery drain** ആയി **phone off** ആയ **silence**ൽ, ഒരു **truth** അവനെ സ്പർശിച്ചു. കുറച്ച് ദിവസമായി സംസാരിക്കാതെ **mute** ആയിരുന്ന **heart** സംസാരിക്കാൻ തുടങ്ങി.

**padikkan bayam ... Parents pressure... Friends**നോട് **comparison...** ഇതിൽ നിന്നെല്ലാം **escape** ആകുവാനാണ് ഞാൻ **social media scroll**



ചെയ്തുകൊണ്ടിരുന്നത്.. **Real world ah face** ചെയ്യുവാൻ കഴിയാത്തതുകൊണ്ടാണ് **social media world**നുള്ളിൽ മുഴുകിയിരിക്കുന്നതെന്ന് മനസ്സിലായി.

ആ **realization** അവന് **turning point** ആയി മാറി. ആ ദിവസം മുതൽ ഒരു ചെറിയ **decision: "Notification off, study on".**

അന്ന് മുതൽ10 **mins** പഠനം 30 **mins** ആയി വർദ്ധിച്ചു... അത് 1 **hour** ആയി. **Mind calm** ആകുമ്പോൾ **Focus -um strong** ആകും.

ദിവസം കഴിയുന്തോറും അവൻ **subject enjoy** ചെയ്യുവാൻ തുടങ്ങി. **Results** വന്നപ്പോൾ, അവൻ **pass** എന്നു മാത്രമല്ല... **school** ൽ തന്നെ **topper list**ലും ഉണ്ടായിരുന്നു.




**problem phone notifications** അല്ല; **notification mute** ആയിരിക്കേണ്ടതാണെന്ന് **finally** അരുൺ മനസ്സിലാക്കി.

അവന്റെ **mind full noise** ആയിരുന്നതുകൊണ്ട് **God's voice, God's reminders, God's gentle whispers** ഒന്നും അവൻ കേട്ടിരുന്നില്ല.

**"First notification belongs to God"** എന്ന് അവൻ തീരുമാനിച്ചു. **Phone open** ചെയ്യുന്നതിന് മുമ്പ്, **Bible verse open** ചെയ്യുവാൻ തുടങ്ങി. **Scrolling-nu** മുമ്പ്, ഒരു ചെറിയ പ്രാർത്ഥന ആരംഭിച്ചു.

അത് അവന് **strength, clarity, focus, everything else will fall into place.**
അവന്റെ **marks, discipline, confidence-** അവന്റെ **spiritual focus stable** ആയപ്പോൾ,
മറ്റെല്ലാം സ്വാഭാവികമായി ഉയരാൻ തുടങ്ങി.

**നമ്മുടെ ഹൃദയത്തിൽ വിവിധ ശബ്ദങ്ങൾ മുഴങ്ങുമ്പോൾ, ദൈവത്തിന് നമ്മോട് സംസാരിക്കാൻ കഴിയില്ല... നമ്മോട് സംസാരിക്കാൻ കർത്താവ് സ്വകാര്യ സമയം അന്വേഷിക്കുന്നു... നിങ്ങൾ അത് നൽകുമ്പോൾ, കർത്താവ് നിങ്ങളുടെ പഠനത്തെയും, ഭാവിയെയും, ജീവിതത്തെയും ശരിയായ പാതയിലേക്ക് നയിക്കും!**





# യേശുവിന്റെ
## സ്നേഹത്തിന്റെ സവിശേഷതകൾ...



**നിസ്വാർത്ഥ സ്നേഹം:** യേശു മനുഷ്യവംശത്തിനുവേണ്ടി തന്റെ ജീവൻ സമർപ്പിച്ചു. ഇത് സ്നേഹത്തിന്റെ പരമമായ വെളിപ്പെടുത്തലാണ് (യോഹന്നാൻ 13:1).



**ഉപാധികളില്ലാത്ത സ്നേഹം:** നാം അർഹതയില്ലാത്തവരായിരുന്നപ്പോഴും, നമ്മെ ദ്രോഹിച്ചവരോടും യേശു സ്നേഹം കാണിച്ചു. (റോമർ 5:6-8).

**ത്യാഗം നിറഞ്ഞ സ്നേഹം:** തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചുകൊണ്ട്, ക്രൂശിൽ നമുക്കുവേണ്ടി ജീവൻ നൽകിയതിലൂടെ യേശു തന്റെ സ്നേഹം വെളിപ്പെടുത്തി (യോഹന്നാൻ 13:1).





**ക്ഷമിക്കുന്ന സ്നേഹം:** നമ്മുടെ പാപങ്ങളും ലംഘനങ്ങളും ക്ഷമിക്കുകയും സ്നേഹത്താൽ നമ്മെ ആലിംഗനം ചെയ്യുകയും ചെയ്യുന്ന ഹൃദയമാണ് യേശുവിന്റെ ഹൃദയം (യോഹന്നാൻ 3:16).

**പ്രവൃത്തിയിലൂടെയുള്ള സ്നേഹം:** വെറും വാക്കുകളിലൂടെ അല്ലാതെ, പ്രവൃത്തികളിലൂടെയാണ് തന്റെ സ്നേഹം (agape) വെളിപ്പെടുത്തിയത്. രോഗികളെ സൗഖ്യമാക്കി, വിശക്കുന്നവർക്ക് ഭക്ഷണം നൽകി, ജനങ്ങളെ ശുശ്രൂഷിച്ചു (മത്തായി 5:43-46).





**എല്ലാം സഹിക്കുന്ന സ്നേഹം:** ഈ സ്നേഹം നമുക്ക് ശക്തി നൽകുന്നു. നമ്മെ പുതുതാക്കുന്നു, കൂടാതെ മറ്റുള്ളവരെ സ്നേഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു (1യോഹന്നാൻ 4:19).